KSEB

"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനിസ് ആക്ട് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരളം

ടെലഫോൺ നം. : 91 471 2514587, 2514206, 2514468

സി.യു.ജി നം. : 9496011848 ഇമെയിൽ : dpr@kseb.in

വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ലിക് റിലേഷൻസ് - സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷികം - പ്രദർശന വിപണന മേള - ചെലവ് അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ്)**

**ബോ.ഉ. (എഫ്.ടി.ഡി) നം. 256/2025(പി.ആർ/എം.സി-1/നാലാം വാർഷികം/2025)**

**തിരുവനന്തപുരം, തീയതി 19/05/2025**

---

പരാമർശം - 1) സ.ഉ(കൈ) നം.43/2025/ ജി എ ഡി തീയതി 22.03.2025 പ്രകാരമുള്ള സർക്കാർ ഉത്തരവ്

2) സ.ഉ(കൈ) നം.3/2025/I&PRD തീയതി 19.04.2025 പ്രകാരമുള്ള സർക്കാർ ഉത്തരവ്

3) 11.04.2025 തീയതിയായി പബ്ലിക് റിലേഷൻസ് ഓഫീസർ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് സമർപ്പിച്ച പി.ആർ./ എം സി 2/നാലാം വാർഷികം/2025 നമ്പർ കുറിപ്പ്.

4) 22.04.2025 തീയതിയായി പബ്ലിക് റിലേഷൻസ് ഓഫീസർ, ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച പി.ആർ/എം.സി-1/നാലാം വാർഷികം/2025 നമ്പർ കുറിപ്പ് (അജണ്ഡ നമ്പർ. 03/66/04/25).

5) 22.04.2025-ലെ ഫുൾടൈം ഡയറക്ടർമാരുടെ യോഗത്തിന്റെ മിനിട്സ് (FTD 03/04/25/66).

**ഉത്തരവ്**

സംസ്ഥാന മന്ത്രിസഭയുടെ നാലാം വാർഷിക ആഘോഷങ്ങളുടെ ഭാഗമായി സർക്കാരിന്റെ വികസന-ക്ഷേമപ്രവർത്തനങ്ങളും നേട്ടങ്ങളും വിളിച്ചോതുന്ന ജില്ലാതല പ്രദർശന മേളകൾ ഏപ്രിൽ 21-ന് തുടങ്ങി മെയ് 23-ന് തിരുവനന്തപുരത്ത് സമാപിക്കുന്ന വിധത്തിൽ സംഘടിപ്പിക്കേണ്ടതാണെന്ന് പരാമർശം (1) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത പ്രദർശനമേളകളിൽ സർക്കാർ വകുപ്പുകളുടെ കഴിഞ്ഞ 9 വർഷത്തെ നേട്ടങ്ങൾ വിഷ്വലായും അല്ലാതെയും പ്രദർശിപ്പിക്കണമെന്ന് വ്യക്തമാക്കുന്നു.

പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിൽ സർക്കാർ വകുപ്പുകൾക്ക് ഒരു ജില്ലയിലെ സ്റ്റാൾ സജ്ജമാക്കുന്നതിനും അനുബന്ധ ചെലവുകൾക്കുമായി പരമാവധി 7,00,000/-രൂപ വരെ ചെലവഴിക്കാമെന്ന് വ്യക്തമാക്കുന്നു. കൂടാതെ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല സ്ഥാപനങ്ങൾ ഇതിനായി പ്രത്യേക ധനാനുമതി തേടേണ്ടതില്ലെന്നും പ്രസ്തുത ഉത്തരവിൽ പരാമർശിച്ചിട്ടുണ്ട്.

സ്റ്റാളുകൾ തയ്യാറാക്കുന്നതിന് 15 x 2, 6 x 2 മീറ്റർ എന്നീ വലിപ്പങ്ങളിൽ ഏകീകൃത ഡിസൈനുകൾ തയ്യാറാക്കിയിട്ടുണ്ടെന്നും പ്രസ്തുത ഡിസൈനിൽ ഒരു സ്റ്റാളുകൾ തയ്യാറാക്കുന്നതിന് 3D മോഡലോടുകൂടി 15 x 2 അളവിലുള്ളവയ്ക്ക് 6,50,000/- രൂപയും,

(മറുപുറം)

6 x 2 അളവിൽ 3 D മോഡലില്ലാത്തവയ്ക്ക് 3,25,000/- രൂപയും ചെലവ് പ്രതീക്ഷിക്കുന്നതായും വ്യക്തമാക്കി പരാമർശം (3) പ്രകാരം പബ്ലിക് റിലേഷൻസ് ഓഫീസർ ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് കുറിപ്പ് സമർപ്പിച്ചിരുന്നു. പ്രസ്തുത കുറിപ്പിൽ ഫയൽ ഫുൾടൈം ഡയറക്ടർമാർ മുമ്പാകെ സമർപ്പിക്കുവാൻ നിർദ്ദേശമുണ്ടായി.

22.04.2025-ൽ ചേർന്ന മുഴുവൻസമയ ഡയറക്ടർമാരുടെ യോഗം അജൻഡ നമ്പർ. 03/66/04/25 ആയി ഇക്കാര്യം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു.

1) സർക്കാരിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന ജില്ലാതല പ്രദർശന മേളകളിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസറഗോഡ് എന്നീ ജില്ലകളിൽ 15 x 2 മീറ്റർ വലിപ്പത്തിലും, കോട്ടയം, ഇടുക്കി, എന്നീ ജില്ലകളിൽ 6 x 2 മീറ്റർ വലിപ്പത്തിലുമുള്ള സ്റ്റാളുകൾ സജ്ജീകരിക്കാൻ അനുമതി നൽകാൻ തീരുമാനിച്ചു.

2) ടെൻഡർ ക്ഷണിക്കുന്നതിനും അവയിൽ തീരുമാനമെടുക്കുന്നതിനും കണക്കുകൾ തീർപ്പാക്കുന്നതിനും സ്റ്റാൾ പരിപാലിക്കുന്നതിനും പ്രദർശനമേള നടക്കുന്ന സ്ഥലം സ്ഥിതി ചെയ്യുന്നയിടം അധികാര പരിധിയിൽപ്പെടുന്ന ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാരെ ചുമതലപ്പെടുത്താനും തീരുമാനിച്ചു.

3) 15 x 2 മീറ്റർ വലിപ്പത്തിൽ സ്റ്റാളുകൾ തയ്യാറാക്കുന്നതിന് ഒരു സ്റ്റാളിന് 6,50,000/- രൂപ പ്രകാരം മേൽപ്പറഞ്ഞ 12 ജില്ലകൾക്ക് 78,00,000/- രൂപയും 6 x 2 മീറ്റർ വലിപ്പത്തിൽ സ്റ്റാളുകൾ തയ്യാറാക്കുന്നതിന് ഒരു സ്റ്റാളിന് 3,25,000/- രൂപ പ്രകാരം മേൽപ്പറഞ്ഞ 2 ജില്ലകൾക്ക് 6,50,000/- രൂപയും ചേർത്ത് ആകെ പരമാവധി 84,50,000/- രൂപ (എൺപത്തി നാല് ലക്ഷത്തി അൻപതിനായിരം) അനുവദിക്കാനും തീരുമാനിച്ചു.

4) പ്രദർശനമേള നടക്കുന്ന സ്ഥലം സ്ഥിതിചെയ്യുന്നയിടം അധികാരപരിധിയായുള്ള ഓരോ ജില്ലകളിലെയും ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർക്ക് മുൻകൂറായി മേൽപ്രകാരം അനുവദിച്ച തുക നൽകാനും തീരുമാനിച്ചു

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഫുൾടൈം ഡയറക്ടർമാരുടെ
ഉത്തരവിൻ പ്രകാരം
ഒപ്പ് /-
ലേഖ. ജി
കമ്പനി സെക്രട്ടറി

സ്വീകർത്താവ്: പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
ഡയറക്ടർമാരുടെ ടി.എ./ഡയറക്ടർ (ഫിനാൻസ്)-ടെ പി.എ./
കമ്പനി സെക്രട്ടറി /ചീഫ് ഇന്റേർണൽ ഓഡിറ്റ് ഓഫീസർ /
എല്ലാ ഇലക്ട്രിക്കൽ സർക്കിൾ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാർ/
എല്ലാ റീജിയണൽ ഓഡിറ്റ് ഓഫീസർമാർ /ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
സീനിയർ സൂപ്രണ്ട്